# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2017

തിരുവനന്തപുരം
08-05-2017

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ജനറൽ ട്രാൻസ്ഫർ 2017 തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന തീരുമാനം സംബന്ധിച്ച്.

സൂചന: 1) HRIS List
2) 2002 ലെ need based sanctioned strength സംബന്ധിച്ച ബോർഡുത്തരവ്.

ജനറൽ ട്രാൻസ്ഫർ 2017 നടത്തുന്നതിലേയ്ക്കായുള്ള പുതുക്കിയ Guideline ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ലായെങ്കിലും പല തസ്തികകളുടേയും അനുവദനീയ ഒഴിവുകളുടെ എണ്ണം MIS സെല്ലിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുകയാണ്. MIS ൽ നിന്നും HRIS ലൂടെ പ്രസിദ്ധീകരിച്ചിരിക്കുന്നത് പ്രകാരം സീനിയർ അസിസ്റ്റന്റിന്റെ അനുവദനീയ എണ്ണം ഒരു സെക്ഷനിൽ ഒന്നായി കാണിച്ചിരിക്കുന്നു. ഇങ്ങനെയൊരു തീരുമാനം ബോർഡ് തലത്തിലോ യൂണിയനുകളുമായുള്ള ചർച്ചയിലോ എടുത്തിട്ടില്ല. ചീഫ് എഞ്ചിനീയർ (HRM) ന്റെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അവിടെനിന്നും ഇപ്രകാരം ഒരു നിർദ്ദേശം നൽകിയിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്.

KSEB യിലെ മിനസ്റ്റീരിയൽ സ്റ്റാഫിന്റെ അനുവദനീയ എണ്ണം 2002 ലെ Need Based ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. കൂടാതെ 2002 ൽ അനുവദിച്ച തസ്തികകൾ വെട്ടിക്കുറയ്ക്കാൻ ഒരു കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടില്ലാ ത്തതുമാണ്. കൂടാതെ പുതിയ സെക്ഷനോഫീസുകൾ പ്രാബല്യത്തിൽ വരുമ്പോൾ തസ്തികകൾ അനുവദിക്കേണ്ടതുമാണ്. ഉദാഹരണത്തിന് 2002 ലെ Need Based ഉത്തരവനുസരിച്ച് കൊല്ലം ഇലക്ട്രിക്കൽ സർക്കിളിലെ സീനിയർ അസിസ്റ്റന്റുമാരുടെ അനുവദനീയ എണ്ണം താഴെ കാണിക്കുന്നു.

Distribution Profit Centre ഉത്തരവ് അനുസരിച്ച് (Need Based) -100

Total = 100

എന്നാൽ IT wing ലെ നൂതന കണ്ടുപിടിത്ത പ്രകാരം

| | | | |
|---|---|---|---|
| Distribution Section | 27*1 | = | 27 |
| Circle office | | = | 8 |
| Division Office | 10*3 | = | 30 |
| Total | | = | 65 |

ഇവിടെ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകൾപോലും വെട്ടിക്കുറച്ചിരിക്കുന്നു. മേൽ വിഷയങ്ങൾ എല്ലാ സർക്കിളുകളിലും ബാധകവുമാണ്. സബ് സ്റ്റേഷനുകളിലെ മറ്റെല്ലാ ഒഴിവുകളും പോസ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ഇങ്ങനെ തസ്തികകളുടെ എണ്ണം കുറയ്ക്കുവാനുള്ള തീരുമാനം എടുക്കുവാനുള്ള അധികാരം IT wing ന് ഇല്ല. ജനറൽ ട്രാൻസ്ഫർ 2017 ലെ ഗൈഡ്ലൈനുമായി ബന്ധപ്പെട്ട നിരവധി നിർദ്ദേശങ്ങളും ഇതിന് മുമ്പ് ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. Online Transfer ന്റെ പേരിൽ ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റുവാനുള്ള തീരുമാനം അംഗീകാരമുള്ള സംഘടന എന്ന നിലയിൽ അനുവദിക്കാൻ സാധിക്കില്ല. ആയതിനാൽ അധികാര പരിധി വിട്ടുള്ള IT wing ന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും അനുയോജ്യമായ ഭേദഗതികൾ നടത്തുന്നതിനുള്ള നിർദ്ദേശവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

Copy to

1. The Director, Civil & HRM
2. The Chief Engineer IT